**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5035** **01-11-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ കുവപ്പള്ളി, കൂട്ടിക്കൽ, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട, മുണ്ടക്കയം എന്നീ 5 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | (ബി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ**

**1. കൂവപ്പള്ളി:-** ഭരണാനുമതി നൽകിയ തുക 44,00,000/- രൂപ. പുതിയ കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് നിലവിലുള്ള വില്ലേജ് ഓഫീസ് കെട്ടിടം ലേലം ചെയ്തു മുതൽ കൂട്ടിയിട്ടുണ്ട്. വില്ലേജ് ഓഫീസ് പ്രവർത്തനം സ്വകാര്യ വാടക കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. വില്ലേജ് ഓഫീസ് പണിയുന്നതിനായി അംഗീകരിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പണി ഉടൻ ആരംഭിക്കുവാൻ കഴിയുന്നതാണ്.

**2. കൂട്ടിക്കൽ:-** ഭരണാനുമതി നൽകിയ തുക 44,00,000/- രൂപ. പുതിയ കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് നിലവിലുള്ള വില്ലേജ് ഓഫീസ് കെട്ടിടം ലേലം ചെയ്തു മുതൽ കൂട്ടുവാൻ കാഞ്ഞിരപ്പള്ളി തഹസീൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസ് പ്രവർത്തനം സ്വകാര്യ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വില്ലേജ് ഓഫീസ് പണിയുന്നതിനായി അംഗീകരിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പണി ഉടൻ ആരംഭിക്കുവാൻ കഴിയുന്നതാണ്.

**3. പൂഞ്ഞാർ തെക്കേക്കര:-** ഭരണാനുമതി നൽകിയ തുക 72,10,000/- രൂപ. പുതിയ കെട്ടിടം പണിയുന്നതിന് തടസ്സരഹിത സ്ഥലം ആവശ്യമാണ്. നിർമ്മാണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടു കെട്ടിടം പണി ഉടൻ ആരംഭിക്കുവാൻ കഴിയുന്നതാണ്.

**4. ഈരാറ്റുപേട്ട:-** ഭരണാനുമതി നൽകിയ തുക 72,10,000/- രൂപ. പുതിയ കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കി കെട്ടിടം പണി ആരംഭിച്ചുവെങ്കിലും മണ്ണിന്റെ ഉറപ്പിൽ സംശയം തോന്നിയതിനാൽ പുതിയ കെട്ടിടത്തിന്റെ Structural Stability ഉറപ്പാക്കുന്നതിനായി Soil Test ചെയ്യുന്ന മുറയ്ക്ക്, Structural Design-ൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പണി തുടരുവാൻ കഴിയുന്നതാണ്.

**5. മുണ്ടക്കയം:-** ബഹു.പൂഞ്ഞാർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 2016-17 സാമ്പത്തിക വർഷം മുണ്ടക്കയം വില്ലേജ് ഓഫീസ് നിർമ്മാണത്തിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വില്ലേജ് ഓഫീസ് കെട്ടിടം പണിയുന്നതിന് ലഭ്യമായ സ്ഥലത്ത് നിന്നും മണ്ണ് നീക്കം ചെയ്ത് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കുവാൻ കഴിയുന്നതാണ്.